താൽപര്യമുള്ള കക്ഷികൾക്ക് ലേലത്തിലോ/ക്വട്ടേഷനിലോ പങ്കെടുക്കാവുന്നതാണ്. വാഹനങ്ങളുടെ വിവരങ്ങൾ, EMD എന്നിവ സഹിതം വെള്ളക്കടലാസിൽ ക്വട്ടേഷൻ സമർപ്പിക്കാം. ക്വട്ടേഷൻ സമർപ്പിക്കുന്നവർ "ക്വട്ടേഷൻ ഫോർ പർച്ചേസ് ഓഫ് വെഹിക്കിൾ നമ്പർ......................" എന്ന് പുറത്ത് എഴുതിയ സീൽ ചെയ്ത കവറിൽ അതാത് വാഹനത്തിന്റെ EMD ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാലയുടെ പേരിൽ SBI വെള്ളാനിക്കരയിൽ മാറാവുന്ന ഒരു ക്രോസ്ഡ് ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം സമർപ്പിക്കാവുന്നതാണ്.

ലേലതീയ്യതിയുടെ തലേദിവസം വരെയുള്ള ഓഫീസ് പ്രവർത്തി സമയങ്ങളിൽ വാഹനങ്ങളും അതുമായി ബന്ധപ്പെട്ട രേഖകളും രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ പരിശോധിക്കാവുന്നതാണ്. ആദ്യത്തെ 5 വാഹനങ്ങളുടെ ലേലം കേരള കാർഷിക സർവ്വകലാശാലയിലെ ഡി.പി.പി ഓഫീസ് പരിസരത്തും ആറാമത്തേതിന്റേത് പീലിക്കോട് റീജിയണൽ റിസർച്ച് സെന്റർ ഓഫീസ് പരിസരത്തും നടത്തുന്നതാണ്.

ലേലദിവസം 11മണിവരെ മാത്രമേ ക്വട്ടേഷൻ സ്വീകരിക്കുകയുള്ളൂ. ലേലം സംബന്ധിച്ചോ, ക്വട്ടേഷൻ സ്വീകരിക്കുന്നതോ നിരസിക്കുന്നതോ ആയ ഏതൊരു കാര്യത്തിനുമുള്ള അന്തിമമായ തീരുമാനം ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിൽ നിക്ഷിപ്തമാണ്. ലേല നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ക്വട്ടേഷനുകൾ ഹാജരായ ലേലക്കാരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട തീയതിയിലും സമയത്തും ഡി.പി.പിയോ/ ഡി.പി.പി നിയോഗിക്കുന്ന പ്രതിനിധിയോ തുറക്കുന്നതാണ്. വാഹനങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര, Ph: 0487-2338626 എന്ന വിലാസത്തിൽ ലഭ്യമാണ്.

ലേലം കൈകൊണ്ടവർ ജി.എസ്.ടി (18%) ഉൾപ്പെടെ ലേലതുക മുഴുവനായും ലേലതീയതിയിൽ 4 pm. –ന് മുൻപായി ഡി.പി.പിയുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾക്കു ആവശ്യമായ രേഖകൾ (ആധാർ, പാൻ തുടങ്ങിയവ) നൽകി സഹകരിക്കേണ്ടതും ആയതിനുള്ള ചെലവ് പ്രസ്തുത ദിവസം തന്നെ ഡി.പി.പിയുടെ കാര്യാലയത്തിൽ അടയ്ക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ഉള്ളവർ 7 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ലേലം/ക്വട്ടേഷൻ സ്വീകരിച്ച വ്യക്തികൾ 15 ദിവസത്തിനകം വാഹനം സർവ്വകലാശാലയിൽ നിന്നും കൊണ്ടു പോകേണ്ടതാണ്. ആയതിന് ആവശ്യമായ ചെലവ് സ്വന്തം കൈയ്യിൽ നിന്നും വഹിക്കേണ്ടതാണ്.

കേരള കാർഷിക സർവ്വകലാശാല നിലവിൽ ഉള്ള ടെൻഡർ/ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ വിജ്ഞാപനത്തിനും ബാധകമായിരിക്കും.

പേഴ്സണൽ അസിസ്റ്റന്റ്
ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിനു വേണ്ടി

*KRN 23.11.2022*